"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- അരൂർ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം - ഭരണാനുമതി ഉത്തരവ് ദീർഘിപ്പിച്ച് നൽകി - ഉത്തരവാകുന്നു.

---

**പൊതുമരമത്ത് (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.983/2025/PWD തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം. 1070/2021/പൊ.മ.വ തീയതി 01.12.2021.

2. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 10.01.2025-ലെ FIREHQ/2815/2023-F1 നമ്പർ കത്ത്.

**ഉത്തരവ്**

അരൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം 290 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. CRZ clearance ലഭ്യമാകാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ലെന്നും അരൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ 290 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് ദീർഘിപ്പിച്ച് നൽകണമെന്നും ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. CRZ clearance ലഭ്യമാകാത്തതിനാലാണ് കെട്ടിടനിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തത് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ, അരൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് നൽകിയ 290 ലക്ഷം രൂപയുടെ ഭരണാനുമതി 2 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം, പൊതുമരാമത്ത് വകുപ്പ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O(F) No:3080117/Exp-B1/148/2025/Fin dated 20.04.2025)
ആഭ്യന്തര (എഫ്) വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sudha B
സെക്ഷൻ ഓഫീസർ
Date: 02-07-2025 10:18:57